കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - അംഗീകാരമില്ലാത്ത സ്കൂളുകളിൽ 8, 9 എന്നീ ക്ലാസ്സുകളിൽ പഠിയ്ക്കുന്ന കുട്ടികൾക്ക് അംഗീകാരമുള്ള സ്കൂളുകളിലെ 9, 10 എന്നീ ക്ലാസ്സുകളിൽ പ്രവേശനം സാധ്യമാകുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്

ജി.ഒ.(ആർ.റ്റി) നം. 2729/2016/പൊ.വി.വ. തീയതി, തിരുവനന്തപുരം, 20/08/2016

================================================================

പരാമർശം : പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 20/04/2016 - ലെ എച്ച്1/10381/2016/ ഡി.പി.ഐ നം കത്ത്.

## ഉത്തരവ്

സർക്കാർ അംഗീകാരമില്ലാതെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്കൂളുകളിൽ പ്രവേശനം നേടിയ കുട്ടികളുടെ തുടർപഠനം മുടങ്ങുന്ന സാഹചര്യം നിലനിൽക്കുന്നു എന്നും, ഇത്തരം സ്കൂളുകൾക്ക് പരീക്ഷ നടത്തുവാനും വിടുതൽ സർട്ടിഫിക്കറ്റ് നല്കുന്നതിനും അധികാരമില്ലാത്തതിനാൽ കുട്ടികളുടെ തുടർപഠനം സാധ്യമാകണമെന്നഭ്യർത്ഥിച്ച് ധാരാളം നിവേദനങ്ങൾ ലഭിക്കുന്നുണ്ടെന്നും അതിനാൽ അംഗീകാരമില്ലാത്ത സ്കൂളുകളിൽ 8, 9 എന്നീ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് തുടർ പഠനം സാധ്യമാക്കുന്നതിനായി വയസ്സ് അടിസ്ഥാനമാക്കി സ്കൂൾ തലത്തിൽ മുൻ ക്ലാസ്സിലെ പരീക്ഷയെഴുതിച്ച് പ്രവേശനം നൽകാവുന്നതാണെന്നും പൊതുവിദ്യാഭ്യാസഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. അംഗീകാരമില്ലാത്ത സ്കൂളുകളിൽ 8, 9 എന്നീ ക്ലാസ്സുകളിൽ പഠിച്ചിരുന്ന, അംഗീകാരമുള്ള സ്കൂളിലെ 9, 10 എന്നീ ക്ലാസ്സുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന, കുട്ടികളുടെ തുടർപഠനം സാധ്യമാക്കുന്നതിനായി സ്കൂൾ തലത്തിൽ ഒരു പ്രവേശന പരീക്ഷ ഈ ഒരു അദ്ധ്യയന വർഷത്തേയ്ക്കു മാത്രം നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ആർ. കുമാർ

സ്പെഷ്യൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ ഡെപ്യൂട്ടിഡയറക്ടർമാർക്കും

എല്ലാ ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും (ഡി.പി. ഐ മുഖാന്തിരം)

പൊതുവിദ്യാഭ്യാസ(ജെ) വകുപ്പ്(J1/2/2016/GE നമ്പർ അനൗദ്യോഗിക ഫയൽ പ്രകാരം)

ഡയറക്ടർ, ഐ.റ്റി@സ്കൂൾ (പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

സ്റ്റോക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Sreedevi

സെക്ഷൻ ഓഫീസർ